പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 175 18.06.2012-ൽ മറുപടിയ്ക്ക്

കേരളത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സന്നദ്ധ സംഘടനകൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീമതി. ഗീതാ ഗോപി<br>ശ്രീ. വി.എസ്. സുനിൽ കുമാർ<br>ശ്രീ. സി. ദിവാകരൻ<br>ശ്രീമതി. ഇ.എസ്. ബിജിമോൾ | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) കേരളത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സന്നദ്ധ സംഘടനകൾ (എൻ.ജി.ഒ.) എത്രയുണ്ടെന്ന് പറയാമോ; | (എ) 3,78,933 സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 18,142 സന്നദ്ധ സംഘടനകൾ പ്രവർത്തിക്കുന്നതായാണ് ലഭ്യമായ വിവരം. |
| (ബി) വിദേശ സഹായം ലഭിച്ചുകൊണ്ടിരിക്കുന്ന സംഘടനകളുടെ പേരും സ്ഥലവും പറയാമോ;<br><br>(സി) ഓരോ സംഘടനയ്ക്കും ലഭിക്കുന്ന വിദേശ സഹായം എത്രയാണെന്ന് വ്യക്തമാക്കുമോ; | (ബി) യും (സി) യും<br>നിലവിൽ 436 സംഘടനകൾക്ക് വിദേശ സഹായം ലഭിച്ചുകൊണ്ടിരിക്കുന്നതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്. സംഘടനകളുടെ പേരും, സ്ഥലവും 2010-ൽ ലഭിച്ച വിദേശ സഹായങ്ങളുടെ വിശദവിവരങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ഡി) വിദേശ സഹായം ലഭിക്കുന്ന പ്രസ്തുത സംഘടനകൾ സഹായം എങ്ങനെയാണ് വിനിയോഗിക്കുന്നത്;<br><br>(ഇ) ഉണ്ടെങ്കിൽ വിശദവിവരം വ്യക്തമാക്കുമോ;<br><br>(എഫ്) ഇവയെ നിയന്ത്രിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ? | (ഡി) യും (ഇ) യും (എഫ്) ഉം<br><br>2010-ലെ ഫോറിൻ കോൺട്രിബ്യൂഷൻ (റെഗുലേഷൻ) ആക്ടിലെ വ്യവസ്ഥകൾക്കു വിധേയമായാണ് സംഘടനകൾ വിദേശ ധനസഹായം കൈപ്പറ്റുന്നതും തുക വിനിയോഗിക്കുന്നതും. സംഘടനകൾ തങ്ങൾക്കു ലഭിക്കുന്ന വിദേശ ധനസഹായം സംബന്ധിച്ചുള്ള വിശദാംശങ്ങൾ കേന്ദ്ര സർക്കാരിനെ യഥാസമയം അറിയിക്കാൻ ഈ നിയമം വ്യവസ്ഥ ചെയ്തിട്ടുണ്ട്. കേന്ദ്ര സർക്കാരിലെ ആഭ്യന്തര മന്ത്രാലയത്തിന് കീഴിലുള്ള എഫ്.സി.ആർ.എ. വിംഗിന്റെ മോണിറ്ററിംഗ് വിഭാഗം, സംഘടനകൾ നൽകുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ പരിശോധിക്കുന്നുണ്ട്. സംഘടനകൾ വിദേശ ധനസഹായം കൈപ്പറ്റുന്നതിലും അവയുടെ |

വിനിയോഗത്തിലും സംസ്ഥാന സർക്കാരിനു മാത്രമായി നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ കഴിയുകയില്ല. ഇക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റാണ് നടപടി സ്വീകരിക്കേണ്ടത്.

സെക്ഷൻ ഓഫീസർ

(നിയമസഭാ സെക്രട്ടേറിയറ്റിന് ലഭ്യമായത്)